

THURSDAY 05/12/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)05/12/2024

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പാറോട്ടുകോണത്ത് പ്രവർത്തിക്കുന്ന കൃഷിവകുപ്പ് സ്ഥാപനങ്ങളായ ജില്ലാ മണ്ണ് പരിശോധനശാല, സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല, പള്ളിച്ചൽ കൃഷി അസിസ്റ്റൻ്റ് ഡയറക്ടർ, മലയിൻകീഴ് കൃഷി ഭവൻ എന്നിവ സംയുക്തമായി ലോക മണ്ണ് ദിനം ആഘോഷിക്കുന്നു. ഇതിനോട് അനുബന്ധിച്ചു ബന്ധപ്പെട്ട വിഷയത്തിൽ സെമിനാറും, ചിത്രരചന, മൊബൈൽ ഫോട്ടോഗ്രാഫി മത്സരങ്ങളും, നേമം ബ്ലോക്കിന്റെ സോയിൽ ഫെർട്ടിലിറ്റി മാപ്പിൻ്റെ പ്രകാശനവും സൗജന്യ മണ്ണു പരിശോധന ക്യാമ്പയിനും ഇന്ന് (2024 ഡിസംബർ 5) ലോക മണ്ണ് ദിനത്തിൽ മലയിൻകീഴ് സി.എസ്.ഐ ചർച്ച് ഹാളിൽ വച്ചു നടക്കുന്നു. മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് എ. വത്സലകുമാരിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ ഉത്ഘാടനം നിർവഹിക്കുന്നു. കർഷകർ കൊണ്ടുവരുന്ന മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നു.

2. സംസ്ഥാനത്തെ കർഷകരുടെ പരിതഃസ്ഥിതി സാഹചര്യം, വരുമാനം എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുന്നതിനായി കൃഷി വകുപ്പും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന Situation Assessment Survey on Agricultural Households in Kerala: 2024-25' എന്ന സർവേ 2024 നവംബർ മാസം ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ മാസത്തോടെ വിവരശേഖരണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.കേരളത്തിലെ ഗ്രാമീണ മേഖലയിൽ നിന്നും തിരഞ്ഞെടുത്ത 152 സാമ്പിൾ വാർഡുകളിൽ രണ്ടു ഘട്ടങ്ങളിലായി നടത്തുന്ന ഈ

സർവേയിൽ പൂർണമായും ശാസ്ത്രീയ മാർഗങ്ങളിലൂടെ തിരഞ്ഞെടുത്ത കർഷക - കുടുംബങ്ങളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. പ്രത്യേകം തയ്യാറാക്കിയ ഫോറങ്ങളിലൂടെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലേയും കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരാണ് വിവരശേഖരണം നടത്തുന്നത്. അതിനാൽ വിവരശേഖരണത്തിനായി സമീപിക്കുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

3. നാളികേരകൃഷി പദ്ധതികളുമായി നാളികേര വികസന ബോർഡ്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കാനായി വിത്തുൽപാദനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കർഷകർ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, സർക്കാർ-സർക്കാരിതര സംഘടനകൾ എന്നിവയ്ക്കു ധനസഹായം. ചുരുങ്ങിയത് 4 ഹെക്ടർ സ്ഥലത്ത് 3 വർഷത്തേക്ക് പരമാവധി 6 ലക്ഷം രൂപയാണ് സബ്സിഡി ലഭിക്കുക. ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡി ലഭിക്കും. പ്രതിവർഷം 25,000 തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള നഴ്സറികൾക്കു 50,000 രൂപ വരെയും സബ്സിഡിയുണ്ട്. പുതുക്കൃഷിക്കും സാമ്പത്തിക സഹായം നൽകുന്നു. തെങ്ങിനത്തെയും സ്ഥലത്തെയും അടിസ്ഥാനമാക്കി ഹെക്ടറിന് 6,500 രൂപ മുതൽ 15,000 രൂപവരെ 2 തുല്യ വാർഷിക ഗഡുക്കളായാണ് സബ്സിഡി. സ്വന്തമായി 0.1 ഹെക്ടറിൽ (25 സെന്റ്) കുറയാതെയും 4 ഹെക്ടർ (10 ഏക്കർ) വരെയും ഭൂമി കൈവശമുള്ളവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. എല്ലാ പദ്ധതികളുടെയും അപേക്ഷാഫോം ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകളോടൊപ്പം കൃഷി ഓഫിസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്നതിനു വിധേയമായി സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെത്തും. ഒന്നാം വർഷ സബ്സിഡി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിച്ച ശേഷം രണ്ടാം വർഷ അപേക്ഷ സമർപ്പിക്കാം. വിവരങ്ങൾക്ക് www.coconutboard.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

4. മൃഗസംരക്ഷണ മേഖലയിലുള്ളവർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. പശു, ആട്, കോഴി, പന്നി, താറാവ് കർഷകർക്കും കർഷകക്കൂട്ടായ്മകൾക്കും അപേക്ഷിക്കാം. 3 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 1.6 ലക്ഷം രൂപ വരെ ഈടൊന്നും ആവശ്യമില്ല. 7% പലിശയ്ക്കാണു വായ്പ നൽകുക. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ തിരികെ ലഭിക്കും. പരമാവധി പലിശ സബ്സിഡി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കാർഡ് ലഭിക്കാൻ പ്രദേശത്തെ സർക്കാർ മൃഗാശു പത്രിയുമായി ബന്ധപ്പെടുക.

### പരിശീലന പരിപാടി

5. വെള്ളാനിക്കര ഇൻസ്ട്രക്ഷണൻ ഫാമിൽ വച്ച് ഡിസംബർ മാസം 6, **7 തീയതികളിൽ നഴ്സറി പരിപാലനവും പ്രജനന രീതികളും** എന്ന വിഷയത്തിലും, **പത്താം തീയതി പച്ചക്കറി വിളകളിലെ കൃത്യത കൃഷി രീതി** എന്ന വിഷയത്തിലും **28ന് അക്വാപോണിക്സ്** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0487 2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഡിസംബർ 09, 10 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in